**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5155 02.07.2013 ൽ മറുപടിക്ക്

<u>റെയിൽവേ വികസനത്തിനായുള്ള പദ്ധതി നിർദ്ദേശങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഹംസ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം റെയിൽവേ വികസനത്തിനായി എന്തൊക്കെ പദ്ധതി നിർദ്ദേശങ്ങളാണ് കേന്ദ്ര സർക്കാരിനും റെയിൽവേ മന്ത്രാലയത്തിനും സമർപ്പിച്ചിട്ടുള്ളത്; അതിന്മേൽ റെയിൽവേയുടെ മറുപടി എന്താണ്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2012-13 റെയിൽവേ ബഡ്ജറ്റിനും 2013-14 റെയിൽവേ ബഡ്ജറ്റിനും മുന്നോടിയായി കേരളത്തിലെ റെയിൽവേയുടെ സമഗ്ര വികസനത്തിനായി ആവശ്യമുള്ള കാര്യങ്ങൾ നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് ഈ സർക്കാർ മെമ്മോറാണ്ടങ്ങൾ കേന്ദ്ര സർക്കാരിനു സമർപ്പിച്ചു. 2012-13 ലെ റെയിൽവേ ബഡ്ജറ്റിനു മുന്നോടിയായി സമർപ്പിച്ച നിവേദനത്തിലാവശ്യപ്പെട്ടിരുന്ന കാര്യങ്ങളുടെ വിശദവിവരം അനുബന്ധം - 1 ആയും 2013-14 ലെ റെയിൽവേ ബഡ്ജറ്റിനു മുന്നോടിയായി സമർപ്പിച്ച നിവേദനത്തിലാവശ്യപ്പെട്ടിരുന്ന കാര്യങ്ങളുടെ വിശദവിവരം അനുബന്ധം - 2 ആയും വച്ചിരിക്കുന്നു. 2012-13 ലെ റെയിൽവേ ബഡ്ജറ്റിനു മുന്നോടിയായി സമർപ്പിച്ച നിവേദനത്തിന് മുൻ റെയിൽവേ വകുപ്പ് മന്ത്രിയുടെ മറുപടി ലഭിച്ചിട്ടുണ്ട്. ടി മറുപടിയുടെ പകർപ്പ് അനുബന്ധം - 3 ആയി വച്ചിരിക്കുന്നു. |
| (ബി) | ബഡ്ജറ്റിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ വാഗ്ദാനം ചെയ്തിട്ടുള്ള പല റെയിൽവേ വികസന പദ്ധതികളും നടപ്പാക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടി എന്തെല്ലാമാണ്; | (ബി) യും (സി) യും | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | റെയിൽവേ പ്രഖ്യാപിച്ചിട്ടുള്ള പല പദ്ധതികളും തമിഴ്നാട്ടിലേക്ക് മാറ്റികൊണ്ടുപോകാൻ നീക്കം നടക്കുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | | |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**